10623
27/10/20

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - സീവറേജ് വർക്കിനിടെ മരണമടഞ്ഞതായി കണ്ടെത്തിയ എട്ട് പേരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

**സ.ഉ.( സാധാ) നം. 3130/2020/റവ          തിരുവനന്തപുരം, തീയതി.15.10.2020**

---

പരാമർശം:-1. ബഹു . സുപ്രീം കോടതി Safari Karmachari Andolan *Vs* Union of India in WP(C)No.583/03 മ്പർ ഹർജിയിൽ പുറപ്പെടുവിച്ച 27/03/2014 ലെ വിധിന്യായം
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 28.09.2020 തീയതിയിലെ എൽ ആർ ( എച്ച്1) 10243/2018 നമ്പർ കത്ത് .

**ഉത്തരവ്**

ബഹു. സുപ്രീം കോടതിയുടെ Safari Karmachari Andolan *Vs* Union of India in WP(C)No.583/03 നമ്പർ കേസിലെ 27/03/2014 ലെ വിധിന്യായത്തിൽ 1993 മുതൽ സീവറേജ് വർക്കിനിടെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് മറ്റേതെങ്കിലും സഹായം നൽകിയിട്ടുണ്ടെങ്കിലും സുപ്രീം കോടതിവിധി പ്രകാരം 10 ലക്ഷം രൂപ വീതം നഷ്ട പരിഹാരം അനുവദിക്കണമെന്ന് ഉത്തരവായിരുന്നു. പരാമർശം (2 ) പ്രകാരം സംസ്ഥാനത്ത് സീവറേജ് വർക്കിനിടെ മരണമടഞ്ഞ 8 പേരുടെ ലിസ്റ്റ് ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത ലിസ്റ്റിൽ ഉൾപെട്ട ശ്രീ. ബിനോയ് ജോസഫ് , ശ്രീ ദേവസ്യ ചാക്കോ എന്നിവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനോടകം തന്നെ 1,00,000/- രൂപ ( ഒരു ലക്ഷം രൂപ മാത്രം) അനുവദിച്ചതായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . സീവറേജ് വർക്കിനിടെ മരണമടഞ്ഞ , ധനസഹായത്തിന് അർഹരായവരുടെ പേരു വിവരവും അനുവദിക്കാവുന്ന തുകയും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്/മേൽവിലാസം | അനുവദിക്കാവുന്ന തുക | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ.ചെല്ലപ്പൻ സുന്ദരൻ<br>അശ്വതി ഭവൻ<br>കൊന്നക്കാട്ട് വിള വീട്<br>പകല്ലൂർ<br>പള്ളിച്ചൽ.പി.ഓ<br>തിരുവനന്തപുരം. | 10,00,000/-<br>( പത്ത് ലക്ഷം രൂപ മാത്രം) | --- |
| 2. | ശ്രീ.മാധവൻ.ജി<br>പുലേത്ത് | 10,00,000/-<br>(പത്ത് ലക്ഷം രൂപ | --- |

| | | | |
|---|---|---|---|
| | പുത്തൻപുര<br>ഐവർകാലകിഴക്കും മുറിയിൽ<br>കുന്നത്തൂർ വില്ലേജ് , കുന്നത്തൂർ<br>താലൂക്ക് , കൊല്ലം | മാത്രം) | . |
| 3 | ശ്രീ.ഗോവിന്ദരാജ്<br>പുത്തൻവിള വീട്<br>വികാസ് നഗർ (15)<br>റ്റി.കെ.എം.സി .പി ഓ<br>കരിക്കോട്,മങ്ങാട് വില്ലേജ്<br>കൊല്ലം. | 10,00,000/-<br>(പത്ത് ലക്ഷം രൂപ മാത്രം) | --- |
| 4. | ശ്രീ. ജി.മുരുകൻ<br>സൗമ്യ ഭവൻ<br>കുന്നുകുഴിച്ചിറ<br>കളക്ടറേറ്റ്.പി.ഓ<br>കോട്ടയം | 10,00,000/-<br>(പത്ത് ലക്ഷം രൂപ മാത്രം) | --- |
| 5 | ശ്രീ. ബിനോയ് ജോസഫ്<br>പോക്കാടൻ<br>കുഴിയിൽ വീട്<br>കാണക്കാരി<br>കോട്ടയം | 9,00,000/-<br>(ഒൻപത് ലക്ഷം രൂപ മാത്രം) | CMDRF ൽ നിന്നും നേരത്തെ ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് |
| 6 | ശ്രീ. ദേവസ്യ ചാക്കോ<br>ഊറ്റുകുഴി , താഴത്ത്<br>മാക്കാട്ടിൽ വീട്<br>ഏറ്റുമാനൂർ<br>കോട്ടയം | 9,00,000/-<br>(ഒൻപത് ലക്ഷം രൂപ മാത്രം) | CMDRF ൽ നിന്നും നേരത്തെ ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് |
| 7 | ശ്രീ. കെ.കൊമരൻ മൂർത്തി<br>കള്ളുട്ട് വളപ്പ് വീട്<br>ക്രിസ്റ്റഫർ നഗർ ഒല്ലൂർ<br>തൃശ്ശൂർ. | 10,00,000/-<br>(പത്ത് ലക്ഷം രൂപ മാത്രം) | --- |
| 8 | ശ്രീ. കെ.ദാമോദരൻ<br>മട്ടന്നൂർ<br>കണ്ണൂർ. | 10,00,000/-<br>(പത്ത് ലക്ഷം രൂപ മാത്രം) | --- |
| **ആകെ** | | **78,00,000/-**<br>(എഴുപത്തിയെട്ട് ലക്ഷം രൂപ മാത്രം) | --- |

2. ബഹു. സുപ്രീം കോടതിയുടെ Safari Karmachari Andolan *Vs* Union of India in WP(C)No.583/03 നമ്പർ കേസിലെ 27/03/2014 ലെ വിധിന്യായം പ്രകാരം

ധനസഹായത്തിന് അർഹരെന്ന് കണ്ടെത്തിയ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന എട്ട് പേരുടെ നിയമാനുസൃതമായ ആശ്രിതർക്ക് പട്ടികയിൽ വിവരിച്ചിരിക്കുന്ന പ്രകാരം ധനസഹായം വിതരണം ചെയ്യുന്നതിനായി ആകെ 78,00,000/- രൂപ ( എഴുപത്തിയെട്ട് ലക്ഷം രൂപ ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3. വിതരണത്തിന് ആവശ്യമായി വരുന്ന ആകെ 78,00,000/- രൂപ ( എഴുപത്തിയെട്ട് ലക്ഷം രൂപ )യിൽ 10,00,000/- രൂപ തിരുവനന്തപുരം ജില്ലാ കളക്ടർക്കും , 20,00,000/- രൂപ കൊല്ലം ജില്ലാ കളക്ടർക്കും ,28,00,000/- രൂപ കോട്ടയം ജില്ലാ കളക്ടർക്കും , 10,00,000 രൂപ തൃശ്ശൂർ ജില്ലാ കളക്ടർക്കും , 10,00,000 രൂപ കണ്ണൂർ ജില്ലാ കളക്ടർക്കും 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും അനുവദിക്കേണ്ടതും , അതാത് ജില്ലാ കളക്ടർമാർ പ്രസ്തുത തുക താമസംവിനാ മരണമടഞ്ഞവരുടെ നിയമാനുസൃതമായ ആശ്രിതർക്ക് വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.എ . ജയതിലക് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം , കോട്ടയം , തൃശ്ശൂർ ,കണ്ണൂർ.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
തദ്ദേശ-സ്വയംഭരണ ( ഡി സി ) വകുപ്പ്( LSGD DC1/564/2016-LSGD ഫയൽ പ്രകാരം)
മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ (അറിവിലേക്കായി).
റവന്യൂ (ഡിആർഎഫ്-ബി/ സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ